**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5149** **28.10.2016-ലെ മറുപടിക്ക്**

## കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>" ആർ. രാമചന്ദ്രൻ<br>" ഇ.കെ.വിജയൻ<br>" വി.ആർ. സുനിൽ കുമാർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിൽ നിന്നുള്ള ദിവസ വരുമാനം 7 കോടി രൂപ വരെ ഉയർന്നത് പിന്നീട് കുറഞ്ഞതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി പ്രതിദിന വരുമാനം 7 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നുണ്ടെങ്കിലും, ചുരുക്കം ചില ദിവസങ്ങളിലും, യാത്രക്കാർ കൂടുതൽ വരുന്ന ചില ഉത്സവ ദിനങ്ങളിലും മാത്രമാണ് ദിവസവരുമാനം 7 കോടി രൂപയാകുന്നത്. അല്ലാത്ത ദിവസങ്ങളിൽ ശരാശരി 5.5 കോടി രൂപ മാത്രമാണ് പ്രതിദിന വരുമാനം. ആഗസ്റ്റ് 2016-ലെ കണക്കനുസരിച്ച് ആകെയുള്ള 5840 ഷെഡ്യൂളുകളിൽ 3012 എണ്ണം 10,000 രൂപക്ക് താഴെ വരുമാനം ലഭ്യമാകുന്നവയാണ്. ഇതിൽ 2866 എണ്ണം ഓർഡിനറി വിഭാഗത്തിൽപ്പെടുന്നവയാണ്. 2016 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ആകെ വിതരണം ചെയ്തിട്ടുള്ള കൺസഷൻ ടിക്കറ്റുകളുടെ എണ്ണം 2,89,969 ആകുന്നു. ഇത്രയും വിദ്യാർത്ഥികൾ ഈ ഓർഡിനറി സർവ്വീസുകളിലാണ് യാത്ര ചെയ്ത് വരുന്നത്. പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചതിനാൽ ഈ സൗകര്യം ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ബസുകളിൽ വിദ്യാർത്ഥികളുടെ തിരക്ക് കാരണം മറ്റ് യാത്രക്കാർ ഓർഡിനറി ബസുകളെ |

| | | | |
|---|---|---|---|
| | | | കൂടുതലായി ആശ്രയിക്കുന്നില്ല. മാത്രവുമല്ല, ഇത്തരം സർവ്വീസുകൾ ഗ്രാമപ്രദേശങ്ങൾ, മലയോര പ്രദേശങ്ങൾ, തീരപ്രദേശങ്ങൾ തുടങ്ങിയ മേഖലകളിലാണ് സർവ്വീസ് നടത്തിവരുന്നത്. ആയതിനാൽ രാവിലെയും വൈകുന്നേരവും മാത്രമാണ് യാത്രക്കാരുടെ സാന്ദ്രത കൂടുതലായും കണ്ടുവരുന്നത്. ജനപ്രതിനിധികളുടെ നിർദ്ദേശവും, സാമൂഹിക പ്രതിബദ്ധതയും മാനിച്ചാണ് ഇവയിൽ പല സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യേണ്ടി വരുന്നത്. കെ.എസ്.ആർ.ടി.സി.യുടെ ഓർഡിനറി സർവ്വീസുകളിൽ ഒരു രൂപ കുറച്ചതും, സെസ് ഏർപ്പെടുത്തിയതും കളക്ഷൻ കുറയുന്നതിന് കാരണമായിട്ടുണ്ട്. സെസ് ഏർപ്പെടുത്തിയത് കാരണം യാത്രക്കാർ കൂടുതലായും സ്വകാര്യ ബസ്സുകളെയാണ് ആശ്രയിക്കുന്നത്. സൂപ്പർ ക്ലാസ് സർവ്വീസുകളായ 219 ടേക്ക് ഓവർ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ഏറ്റെടുത്ത് സർവ്വീസ് നടത്തുന്നുണ്ടെങ്കിലും പ്രൈവറ്റ് ബസ്സുകൾ ദൂരപരിധി നിശ്ചയിക്കാതെ എൽ.എസ്. ഓർഡിനറിയായി സർവ്വീസ് നടത്തുന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി സർവ്വീസുകളിൽ വരുമാനം കുറയുവാൻ കാരണമായിട്ടുണ്ട്. |
| (ബി) | വരുമാനം കുറഞ്ഞ സർവ്വീസുകൾ നിർത്തലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വരുമാനക്കുറവുള്ള സർവ്വീസുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വരുമാന ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നപക്ഷം അത്തരം ഷെഡ്യൂളുകൾ നിർത്തലാക്കുന്നതിനെ കുറിച്ച് പരിശോധിക്കുന്നതാണ്. |
| (സി) | ടിക്കറ്റ് വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നതിന് മറ്റെന്തൊക്കെ നടപടികളാണ് ആലോചിച്ചു വരുന്ന | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ |

| | | | |
|---|---|---|---|
| | തെന്ന് വിശദമാക്കുമോ? | | പദ്ധതികൾ ആവിഷ്ക്കരിച്ച് വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ